**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3643** **05-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റിക്കാട്ടൂർ വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള കോവൂർ വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് കുറ്റിക്കാട്ടൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. അതിൻപ്രകാരം കോവൂർ സെക്ഷൻ ഓഫീസിനു കീഴിൽ കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു സബ് സെന്റർ സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ ഓഫീസ് പ്രവർത്തിക്കാനുള്ള കെട്ടിടം വാടകരഹിതമായി അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ദീർഘകാലമായുള്ള പ്രസ്തുത ആവശ്യം പരിഗണിച്ച് കുറ്റിക്കാട്ടൂർ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് കുറ്റിക്കാട്ടൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. അതിൻപ്രകാരം കോവൂർ സെക്ഷൻ ഓഫീസിനു കീഴിൽ കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു സബ് സെന്റർ സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ ഓഫീസ് പ്രവർത്തിക്കാനുള്ള |

| | | | | |
|---|---|---|---|---|
| | | | | കെട്ടിടം വാടകരഹിതമായി അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ